## സഹകരണ വിജിലൻസ് - ആഡിറ്റ് വിഭാഗങ്ങൾ

218 (4823) ശ്രീ. അനൂപ് ജേക്കബ്:

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:

ശ്രീ. വി. ടി. ബൽറാം:

ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സംഘങ്ങളുടെ ആഡിറ്റ് വിഭാഗത്തെ ശക്തിപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ;

(ബി) സഹകരണ വിജിലൻസിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; പ്രസ്തുത അന്വേഷണ സംഘം നൽകുന്ന റിപ്പോർട്ടുകളിന്മേൽ സമയബന്ധിതമായി നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകുമോ?

### ഉത്തരം

(എ)

1. കമ്പ്യൂട്ടർവൽകൃത സംഘങ്ങളിൽ പരിശോധന നടത്തുന്നതിന് ആഡിറ്റർമാർക്ക് മാർഗ്ഗനിർദ്ദേശം നൽകിയിട്ടുണ്ട്.
2. ആഡിറ്റർമാർക്ക് ആഡിറ്റ് സംബന്ധിച്ച് തുടർച്ചയായ പരിശീലനം നൽകിവരുന്നു.
3. സ്വർണ്ണപ്പണയ പണ്ടങ്ങളുടെ പരിശോധന കാര്യക്ഷമമായ രീതിയിൽ നടത്തുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.
4. വകുപ്പ് തലത്തിൽ ആഡിറ്റർമാരുടെ പ്രവൃത്തി അവലോകനം താലൂക്ക് - ജില്ലാ - സംസ്ഥാനതലത്തിലും നടത്തുന്നുണ്ട്.
5. ആഡിറ്റ് മാന്വൽ പരിഷ്കരണം അന്തിമഘട്ടത്തിലാണ്.
6. പ്രതിമാസ നിക്ഷേപ പദ്ധതികളുടെ ആഡിറ്റ് ഏകീകരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.
7. അനുപാത വിശകലനം നടത്തി സംഘത്തിന്റെ സാമ്പത്തിക നില മനസ്സിലാക്കി സംഘങ്ങൾക്ക് മാർഗ്ഗനിർദ്ദേശം നൽകുന്നതിന് ആഡിറ്റർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.
8. ആഡിറ്റ് സംബന്ധിച്ച വിവരങ്ങൾ ഓൺലൈൻ ആക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) സഹകരണ വിജിലൻസിന്റെ പ്രവർത്തനം വിലയിരുത്തുന്നതിനായി 14-3-2018-ൽ സഹകരണ സംഘം രജിസ്റ്റാർ ഓഫീസിൽവച്ച് സഹകരണ വിജിലൻസ് വിഭാഗത്തിൽപ്പെട്ട ഓഫീസർമാരുടെ യോഗം ചേരുകയും സഹകരണ വിജിലൻസ് വിഭാഗത്തെ ശക്തിപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ മുന്നോട്ടുവയ്ക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത അന്വേഷണ സംഘം സമർപ്പിക്കുന്ന റിപ്പോർട്ടുകളിൽ സമയബന്ധിതമായി നടപടികൾ സ്വീകരിക്കുന്നുണ്ട്.

**സഹകരണ ബാങ്കുകളുടെ ആധുനികവൽക്കരണം**

219 (4824) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയുടെ ആധുനികവത്കരണത്തിന് എന്തെല്ലാം കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്; വിവരിക്കുമോ;

(ബി) സഹകരണ ബാങ്കുകളെ വാണിജ്യാടിസ്ഥാനത്തിൽ പുത്തൻ തലമുറ ബാങ്കുകളുമായി കിടപിടിക്കുന്ന വിധം സജ്ജമാക്കുവാൻ ശ്രമിക്കുമോ;

(സി) ഇതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ എല്ലാ സഹകരണ സംഘങ്ങളിലും ഏകീകൃത സോഫ്റ്റ്വെയർ സംവിധാനം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ഏകദേശം 35% പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിലും 45 അർബൻ സഹകരണ ബാങ്കുകളിലും കോർ ബാങ്കിംഗ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്ക് കോർ ബാങ്കിംഗ് സംവിധാനം നടപ്പിലാക്കുന്നതിലേക്കായി പദ്ധതി ചെലവിന്റെ 90% അല്ലെങ്കിൽ 10 ലക്ഷം രൂപ ഏതാണോ കുറവ് ടി തുക കോർ ബാങ്കിംഗിന് സർക്കാർ ധനസഹായമായി അനുവദിക്കുന്നുണ്ട്. മൊത്തം ധനസഹായത്തിന്റെ 50% വായ്പയായും 20% ഓഹരിയായും 20% സബ്സിഡിയുമായിട്ടാണ് തുക അനുവദിക്കുന്നത്.

പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങളുടെ ആധുനിക വൽക്കരണത്തിനായി 25 കോടി രൂപ സർക്കാർ 2017- 18 വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. സഹകരണ വകുപ്പിന്റെ കീഴിലുള്ള എല്ലാ സഹകരണ സ്ഥാപനങ്ങളുടെയും ആധുനികവൽക്കരണത്തിനായി ഓഹരി, വായ്പാ, സബ്സിഡി സഹായം നൽകുവാനായി 2017- 18 വർഷം 150 ലക്ഷം രൂപയും 2018 - 19 വർഷത്തേയ്ക്ക് 170 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly